**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2494** **02-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ് ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് എം.എൽ.എ/എം.പി ഫണ്ട് മുഖേന സ്കൂൾ വാഹനങ്ങൾ നൽകിയത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ; ഇക്കഴിഞ്ഞ 5 വർഷം ഇങ്ങനെ എത്ര സ്കൂളുകൾക്ക് സ്കൂൾ വാഹനങ്ങൾ ലഭ്യമായിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് ഇക്കഴിഞ്ഞ 5 വർഷ കാലയളവിൽ എം.എൽ.എ ഫണ്ടിൽ നിന്നും 725871507/- രൂപ വിനിയോഗിച്ച് 553 സ്കൂളുകൾക്കും, എം.പി ഫണ്ടിൽ നിന്നും 138043550/- രൂപ വിനിയോഗിച്ച് 105 സ്കൂളുകൾക്കും വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലോക്ഡൗൺ കാരണം വാഹനങ്ങൾ പുറത്തിറക്കാൻ കഴിയാതിരുന്നതുമൂലം പല സ്കൂൾ വാഹനങ്ങൾക്കും ഭീമമായ തുകയുടെ അറ്റകുറ്റപ്പണി നടത്തേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്കൂൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പല സ്കൂൾ വാഹനങ്ങളും പുറത്തിറക്കാനാവാത്തതിനാൽ അറ്റകുറ്റ പ്രവർത്തികൾ അനിവാര്യമായ സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സ്കൂൾ പി.ടി.എ കളുടെ നാമമാത്ര ഫണ്ടിൽ നിന്നും ഇത്തരം സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി ഫണ്ട് കണ്ടെത്താൻ കഴിയാത്ത ഗ്രാമീണ മേഖലയിലെ സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും പ്രത്യേക മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ